SUNDAY SHALOM
* * * * * * സൺഡേ ശാലോം * * * * * *

Sunday, September 29, 2013 | Vol -3 ● Issue - 22 ● 16 Page ● e-mail: info@shalomworld.org | www.shalomworld.org

ചരിത്രനിമിഷം: സുപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ വാഷിംഗ്ടൺ ഡി.സി. നാഷണൽ ഷ്രൈൻ ഓഫ് ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ബസിലിക്കയിൽ ഇദംപ്രഥമായി അർപ്പിച്ച സീറോ മലബാർ ദിവ്യബലിയർപ്പണത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമികത്വം വഹിക്കുന്നു. സഹകാർമികരായ കർദിനാൾ ഡൊണാൾഡ് വേൾ, ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് സമീപം.

Sunday Shalom
സഭൈക്യത്തിന്റെ സംഗീതം

പുനരൈക്യത്തിന്റെ വിശാലസന്ദേശം ശ്രവിക്കുക

നമ്മുടെ ദൈവം ചരിത്രത്തെ നയിക്കുന്നവനാണ്. സംസ്കാരങ്ങളുടെ ഉദയാസ്തമയങ്ങളും ചരിത്രത്തെ രൂപാന്തരപ്പെടുത്തിയ വ്യക്തികളും സംഭവങ്ങളുമെല്ലാം അവിടുത്തെ കൺമുമ്പിലൂടെതന്നെയാണ് കടന്നുപോയത്. അവിടുന്ന് അറിയാതെ മനുഷ്യചരിത്രത്തിൽ യാതൊന്നും സംഭവിച്ചിട്ടുമില്ല. അതിനാൽ ദൈവികമായ കാഴ്ചപ്പാടിലൂടെ ചരിത്രത്തെ നോക്കിക്കാണുന്നില്ലെങ്കിൽ നമുക്ക് തെറ്റുപറ്റാൻ സാധ്യതയുണ്ട്. ചരിത്രത്തോടും ചരിത്രസംഭവങ്ങളോടുമുള്ള വെറുപ്പ് തെറ്റായ തീരുമാനത്തിലേക്കും തെറ്റിപ്പോകുന്ന നിലപാടുകളിലേക്കും നമ്മെ നയിച്ചേക്കാം.

ബ്രിട്ടീഷുകാർ ഇന്ത്യയെ കീഴടക്കിയത് വലിയ തെറ്റും ക്രൂരതയുമായി നമുക്കു തോന്നാം. പക്ഷേ, അന്നത്തെ ലോകവീക്ഷണത്തിൽ അതിൽ വലിയ തെറ്റൊന്നും പറയാൻ പറ്റില്ല. ഓരോ രാജ്യത്തിന്റെയും പരമാധികാരത്തെ ആദരിക്കുന്ന ഒരു വ്യവസ്ഥിതി അന്ന് ലോകത്തിൽ നിലവിലില്ലായിരുന്നു. മറ്റു രാജ്യങ്ങളെ കീഴടക്കുക, രാജ്യാതിർത്തികൾ വിസ്തൃതമാക്കുക എന്നതൊക്കെ സാധാരണം മാത്രം!

കൊച്ചിരാജ്യത്തിന്റെ പല ഭാഗങ്ങളും യുദ്ധതന്ത്രങ്ങളിലൂടെ തിരുവിതാംകൂർ തട്ടിയെടുത്തതുപോലെ ബ്രിട്ടീഷുകാരും നമ്മോടു പ്രവർത്തിച്ചു. അവർ മറ്റൊരു സംസ്കാരത്തിന്റെ ഉടമകളായിരുന്നുവെന്ന വ്യത്യാസം മാത്രമേയുള്ളു. പാശ്ചാത്യർക്ക് ഇവിടെ വേരുറപ്പിക്കാൻ പറ്റിയതുപോലും നാട്ടുരാജാക്കന്മാരുടെ കിടമത്സരങ്ങളും സ്വാർത്ഥമോഹങ്ങളും മൂലമാണെങ്കിൽ പിന്നെ പാശ്ചാത്യരെമാത്രം കുറ്റംപറയുന്നതെങ്ങനെ?

യുദ്ധവിജയം നേടിയ രാജാക്കന്മാർ തങ്ങളുടെ മതവും സംസ്കാരവും കീഴടങ്ങിയ പ്രദേശങ്ങളിൽ പ്രചരിപ്പിക്കുകയോ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നത് അന്നത്തെ പതിവായിരുന്നു. രാജാവിന്റെ മതം ജനതയുടെ മുഴുവൻ മതമായി മാറുന്നത് ചരിത്രത്തിലെ ഒരു പതിവുസംഭവം മാത്രം. റോമാക്കാർ ജറുസലേം ദൈവാലയം തകർത്തതും തുർക്കി സുൽത്താൻ ജറുസലേമിലെ യഹൂദ ദൈവാലയത്തിന്റെ സ്ഥാനത്ത് മുസ്ലിം പള്ളി പണിതതും ഈ കാഴ്ചപ്പാടിൽവേണം കാണാൻ. അന്നത്തെ ലോകക്രമത്തിൽ അതൊരു വലിയ അപരാധമല്ല. എന്നാൽ, ഇന്നതു കാണുമ്പോൾ യഹൂദർക്കുണ്ടാകുന്ന വേദന ന്യായമാണ്. എങ്കിലും ഇന്നത്തെ ലോകക്രമത്തിന്റെയും സംസ്കാരത്തിന്റെയും വെളിച്ചത്തിൽ ചരിത്രസംഭവങ്ങളെ വിലയിരുത്തുമ്പോൾ പ്രശ്നം സങ്കീർണമാകും.

യുദ്ധങ്ങളുടെയും കീഴടക്കലിന്റെയും കീഴടങ്ങലിന്റെയും അനുഭവങ്ങളിലൂടെയാണ് ചരിത്രം മുന്നോട്ടുപോയത്. ഇതുവഴി നിരവധി നന്മകളും ഉണ്ടായി. വിവിധസംസ്കാരങ്ങളിലെ നന്മകൾ സ്വന്തമാക്കാനും കലാസാഹിത്യരൂപങ്ങളുടെ വ്യാപനത്തിനും ഭാഷകൾ സമ്പന്നമാക്കുന്നതിനും വ്യാപാരവർദ്ധനവിനുമെല്ലാം വിദേശ ആക്രമണങ്ങളും ആധിപത്യങ്ങളും കാരണമാകാറുണ്ട്. പാശ്ചാത്യർ ഇന്ത്യയിൽ വന്നില്ലായിരുന്നുവെങ്കിൽ ഇന്ന് ഇന്ത്യയെന്ന് വിളിക്കാൻ ഒരു രാജ്യം ഭൂമുഖത്തുണ്ടാകുമായിരുന്നോ? പരസ്പരം യുദ്ധംചെയ്ത് ക്ഷയിച്ചുകൊണ്ടിരിക്കുന്ന നൂറുകണക്കിന് നാട്ടുരാജ്യങ്ങളുള്ള ഒരു ഭൂപ്രദേശം മാത്രമായിരിക്കും ഇന്ത്യ. ആദരവോ സ്ഥാനമോ സ്വാധീനമോ ഇല്ലാത്ത ഏതോ നാട്ടുരാജ്യത്തിലെ പ്രജകൾ മാത്രമാകുമായിരുന്നു നാം.

ഇന്ത്യയെന്ന വികാരം വളർത്തി നാട്ടുരാജ്യങ്ങളെ ഒന്നിപ്പിച്ചത് ബ്രിട്ടീഷ് ആധിപത്യമാണ്. പാശ്ചാത്യരുമായുള്ള സമ്പർക്കം നമ്മുടെ ചിന്തയെ, അറിവിനെ, വിദ്യാഭ്യാസത്തെ, സാമൂഹ്യവികാസത്തെ സഹായിച്ചില്ലെന്ന് ആർക്കെങ്കിലും പറയാനാകുമോ? സ്വതന്ത്രചിന്തയുടെയും മനുഷ്യമഹ

(ശേഷം പേജ് 3ൽ)

സീറോ മലബാർ സഭയുടെ വളർച്ചയിൽ യു.എസിലെ സഭ തരുന്ന പ്രോത്സാഹനം വളരെ വലുതാണ്. പിന്തുണയേകുന്ന സൗഹാർദ മനോഭാവത്തിന് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.
- കർദിനാൾ മാർ ജോർജ് ആലഞ്ചേരി

ലോകത്തിന്റെ അമ്മയായ പരിശുദ്ധ മറിയത്തോട് മാധ്യസ്ഥം യാചിക്കാം. മരിയഭക്തിയിലും വിശ്വാസദാർഢ്യത്തിലും ഭാരതീയസമൂഹം കാട്ടുന്ന മാതൃക ശ്ലാഘനീയവും അനുകരണീയവുമാണ്.
- കർദിനാൾ ഡൊണാൾഡ് വേൾ

യു.എസിലെ സീറോ മലബാർ സഭയുടെ വളർച്ചയിൽ സുപ്രധാന സംഭവമെന്നേ ഇതിനെ വിശേഷിപ്പിക്കാനാകു. ചിക്കാഗോ സെന്റ് തോമസ് രൂപതയ്ക്ക് യു.എസിലെ സഭ സമ്മാനിച്ച അംഗീകാരവുമാണിത്.
- ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത്

ഡി.സിയിലെ തീർത്ഥാടനത്തിൽ സീറോ മലബാർ ദിവ്യബലി ഇതാദ്യം

പ്രഖ്യാപിതമായത് സ്വാധീനം, ആദരം

- തീർത്ഥാടനത്തിൽ അണിചേർന്നത് ആയിരങ്ങൾ
- ബസിലിക്ക സാക്ഷ്യം വഹിച്ചത് റീത്ത്, ഭാഷാ ഭേദമെന്യേയുള്ള ആഘോഷങ്ങൾക്ക്
- ഗാനശുശ്രൂഷ നയിക്കാൻ 130 അംഗ ക്വയർ
- ഒരു പൊൻതൂവൽകൂടി കരസ്തമാക്കി ഐ.എ.സി.എ

ജെ. ജോസഫ്
വാഷിംഗ്ടൺ ഡി.സി

അമേരിക്കയിലെ ഏറ്റവും വലിയ കത്തോലിക്കാ ദൈവാലയം, വർഷത്തിൽ ഒരു മില്യൺ വിശ്വാസികൾ സന്ദർശനം നടത്തുന്ന മരിയൻ തീർത്ഥാടനകേന്ദ്രം, ലോകമെമ്പാടും നടന്ന മരിയൻ പ്രത്യക്ഷീകരണങ്ങളുടെ തിരുരൂപങ്ങളാൽ അലംകൃതമായ ആരാധനാലയം, വലുപ്പത്തിൽ ലോകത്തിലെ 21-ാം സ്ഥാനത്തുള്ള നിർമിതി...

ലോകപ്രശസ്തവും ചരിത്രപ്രാധാന്യവുമേറിയ നാഷണൽ ഷ്രൈൻ ഓഫ് ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ബസിലിക്കയുടെ മുഖ്യ അൾത്താരയിൽ ഇദംപ്രഥമായി സീറോ മലബാർ ദിവ്യബലി അർപ്പിതമായപ്പോൾ വിരചിതമായത് പുതുചരിത്രം.

പതിമൂന്നാം വയസിലേക്ക് കടന്ന ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപത അമേരിക്കൻ സമൂഹത്തിൽ നേടിയെടുത്ത സ്വാധീനത്തിന്റെ, കേരളത്തിൽനിന്നാരംഭിച്ച് ലോകമെമ്പാടേക്കും വ്യാപിക്കുന്ന സീറോ മലബാർ സഭയ്ക്ക് അമേരിക്കൻ സഭ കൽപ്പിക്കുന്ന ആദരവിന്റെ പുതുചരിത്രം.

അത് വ്യക്തമാക്കുന്നതാണ് ദിവ്യബലിയർപ്പണത്തിൽ കാർമികരായിരുന്ന സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, വാഷിംഗ്ടൺ ആർച്ച്ബിഷപ്പ് കർദിനാൾ ഡൊണാൾഡ് വേൾ, ചിക്കാഗോ സീറോ മലബാർ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരുടെ വാക്കുകൾ.

മരിയഭക്തിയിലും വിശ്വാസദാർഢ്യത്തിലും ഭാരതീയസമൂഹം കാട്ടുന്ന മാതൃക ശ്ലാഘനീയവും അനുകരണീയവുമാണെന്ന് പ്രസ്താവിക്കുന്നതായിരുന്നു കർദിനാൾ വേളിന്റെ വചനസന്ദേശം.

അമേരിക്കയിലെ സീറോ മലബാർ സഭയുടെ വളർച്ചയിൽ സുപ്രധാന സംഭവമെന്നാണ് ചിക്കാഗോ സീറോ മലബാർ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് ദിവ്യബലിക്കുശേഷം സൺഡേ ശാലോമിനോട് പ്രതികരിച്ചത്. ചിക്കാഗോ സീറോ മലബാർ രൂപതയ്ക്ക് അമേരിക്കൻ സഭ സമ്മാനിച്ച വലിയൊരു അംഗീകാരമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

“അമേരിക്കയുടെ തലസ്ഥാനനഗരി എന്നതുമാത്രമല്ല, അമേരിക്കൻ കത്തോലിക്കാസഭയുടെ ആസ്ഥാനം, കത്തോലിക്കാ യൂണിവേഴ്സിറ്റി സ്ഥിതിചെയ്യുന്ന നഗരം എന്നിവകൊണ്ടുകൂടി സഭാചരിത്രത്തിൽ വലിയ സ്ഥാനമാണ് വാഷിംഗ്ടൺ ഡി.സിക്കുള്ളത്. അവിടെ സ്ഥിതിചെയ്യുന്ന ബസിലിക്കയിൽ, അതും അമേരിക്കയിലെ പ്രമുഖ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ സീ

(ശേഷം പേജ് ൬ൽ)

പേജ് 2

അമ്മയുടെ സമ്മാനം കരങ്ങളിലെടുക്കാം

പേജ് 14

ഡാനിലയുടെ ‘പുനർജന്മം’ 69-ാം അത്ഭുതം

പേജ് 15

വചന ധ്യാനത്തിനൊരു വിദഗ്ധവഴി

USPS PUBLICATION NUMBER 4700 UNDER PERIODICAL PRICES AND ENTRY LOCATION AT MCALLEN, TX



ലോകസുവിശേഷത്തിന് ഒന്നിച്ചണിചേരാം: ന്യൂയോർക്ക് ഇംഗ്ലീഷ് ഫെസ്റ്റിവെൽ ഉദ്ഘാടനം ചെയ്യാനെത്തിയ ബ്രൂക്ക്ലിൻ മാരോനൈറ്റ് എപ്പാർക്കി അധ്യക്ഷൻ ബിഷപ്പ് ഗ്രിഗറി മൺസൂറിന് സീറോ മലങ്കര നോർത്ത് അമേരിക്കൻ എക്സാർക്കേറ്റ് അധ്യക്ഷനും ശാലോം മീഡിയയുടെ രക്ഷാധികാരിയുമായ ബിഷപ്പ് ഡോ. തോമസ് മാർ യൗസേബിയൂസ് സ്നേഹോപഹാരം സമർപ്പിക്കുന്നു (വാർത്ത പേജ് 11).

വിശുദ്ധി സാക്ഷ്യപ്പെടുത്താൻ ഇനി മലയാളി ‘റിലേറ്റർ’

സ്വന്തം ലേഖകൻ
വത്തിക്കാൻ സിറ്റി

വിശുദ്ധിയുടെ സ്വർഗീയസോപാനത്തിലേക്കുള്ള പുണ്യശ്ലോകരുടെ പ്രയാണത്തിന് സുപ്രധാനമായ മാനുഷികസാക്ഷ്യപ്പെടുത്തലേകാൻ കത്തോലിക്കാസഭയുടെ ചരിത്രത്തിലാദ്യമായി ഒരു മലയാളി. വിശുദ്ധ അൽഫോൻസാമ്മയുടെയും വാഴ്ത്തപ്പെട്ട തേവർപറമ്പിലിന്റെയും നാമകരണനടപടികളിൽ വലിയ പങ്കുവഹിച്ച അതേ രൂപതക്കാരൻ മോൺ. പോൾ പള്ളത്തിനിത് ഇവരുടെ മധ്യസ്ഥസഹായമായി കാണാനാണിഷ്ടം. അതേസമയം, കാര്യപ്രാപ്തിക്കും പാണ്ഡിത്യത്തിനും ഫ്രാൻസിസ് പാപ്പ വ്യക്തിപരമായി കൊടുത്ത അംഗീകാരമായും വത്തിക്കാൻവൃത്തങ്ങൾ ഈ നിയമനത്തെ വിലയിരുത്തുന്നു.

പുണ്യശ്ലോകരായി അറിയപ്പെടുന്ന വ്യക്തികളെ വിശുദ്ധപദവിയിലേക്ക് നയിക്കാൻ അതത് രൂപതയിൽ കോടതി സ്ഥാപിക്കുകയും തുടർന്ന് ‘ദൈവദാസ’രായി പ്രഖ്യാപിക്കുകയും ചെയ്തശേഷം മേൽനടപടികൾക്കായി വത്തിക്കാനിലേക്ക് അയക്കുന്ന ബൃഹത്തായ രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്ന നിർണായകപദവിയാണ് ‘റിലേറ്ററു’ടേത്.

ഗ്രീക്ക്, ലത്തീൻ, സംസ്കൃതം, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, ഇറ്റാലിയൻ, പോർച്ചുഗീസ്, സ്പാനിഷ് എന്നീ ഭാഷകളറിയാവുന്ന, പാശ്ചാത്യവും പൗരസ്ത്യവുമായ കാനോൻ നിയമങ്ങളിൽ ഡോക്ടറേറ്റുകളുള്ള, സീറോ മലബാർ സഭയുടെ ചരിത്രത്തിലും ആരാധനാക്രമത്തിലും പാണ്ഡിത്യമുള്ള ഈ പാലാ സ്വദേശി ഈ നിർണായകദൗത്യത്തിന് ഉത്തമനാണെന്ന് പാപ്പ ചിന്തിച്ചിരിക്കണം.

മലയാളികളുടെ അഭിമാനം: മോൺ. പോൾ പള്ളത്ത്

ഇവർ തമ്മിലുള്ള അടുത്തപരിചയത്തിന് മാർച്ച് 13ലെ പേപ്പൽ തിരഞ്ഞെടുപ്പോളം

(ശേഷം പേജ് 3ൽ)

ചിക്കാഗോ ഇടവക ജനം 'വിസ്കോൺസിനിൽ'; വിശ്വാസവർഷാചരണം അനുഗ്രഹദായകം

ലിൻസ്, സഖറിയാസ്
ചിക്കാഗോ

വിസ്കോൺസിൻ തീർത്ഥാടനകേന്ദ്രത്തിൽ നടത്തിയ സന്ദർശനത്തിന്റെ ഭാഗമായി ഫാ. സജി പിണർക്കയിൽ, ഫാ. ഇമ്മാനുവൽ മുടക്കോടിൽ എന്നിവർ ദിവ്യബലി അർപ്പിക്കുന്നു.

പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണത്താൽ ചരിത്രപ്രസിദ്ധവും നോർത്ത് അമേരിക്കയിലെ പ്രമുഖ മരിയൻ തീർത്ഥാടനകേന്ദ്രവുമായ വിസ്കോൺസിൻ ഔവർ ലേഡി ഓഫ് ഗുഡ് ഹെൽപ്പ് തീർത്ഥാടനകേന്ദ്രത്തിലേക്ക് നടത്തിയ തീർത്ഥയാത്ര ചിക്കാഗോയിലെ മലയാളി കത്തോലിക്കർക്ക് പകർന്നത് വിശ്വാസതീക്ഷ്ണതയുടെ നിമിഷങ്ങൾ. വിശ്വാസവർഷാചരണത്തോട് അനുബന്ധിച്ച് ചിക്കാഗോ സേക്രഡ് ഹാർട്ട് ഇടവക സംഘടിപ്പിച്ച 40 മണിക്കൂർ ദിവ്യകാരുണ്യ ആരാധന, ബൈബിൾ ക്ലാസ്, വിശുദ്ധനാട് സന്ദർശനം തുടങ്ങിയ പരിപാടികളുടെ ഭാഗമായിരുന്നു വിസ്കോൺസിൻ തീർത്ഥാടനം.

ദിവ്യജനനിയുടെ ജനനത്തിരുനാളിന് ഒരുക്കമായുള്ള എട്ടു നോമ്പാചരണത്തിന്റെ തലേദിനമായിരുന്നു ഇടവകയിലെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള തീർത്ഥാടനം. നാലു ബസ്സുകളിലായി 200ൽപ്പരം പേർ പങ്കെടുത്ത യാത്രയ്ക്ക് വികാരി ഫാ. സജി പിണർക്കയിൽ, സഹവികാരി ഫാ. സിജു മുടക്കോടിൽ എന്നിവർ നേതൃത്വം വഹിച്ചു. ജപമാല ചൊല്ലി പ്രാർത്ഥിച്ചും കരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാമന്ത്രങ്ങൾ ജപിച്ചും വിശ്വാസസംബന്ധമായ സംശയനിവാരണങ്ങൾ നടത്തിയുമായിരുന്നു യാത്ര.

തുടർന്ന്, ദൈവാലയത്തിൽ ഒത്തുചേർന്ന തീർത്ഥാടകർ കുമ്പസാരിച്ച് ദിവ്യബലിയിൽ പങ്കുകൊണ്ടു. മതാധ്യാപകരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തിയും സൗഖ്യം നേടിയവരുടെ അനുഭവസാക്ഷ്യങ്ങൾ ദർശിച്ചും മാതാവിന്റെ രൂപത്തിനുമുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചും വീടുകളിലേക്ക് മടങ്ങുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത അനുഭൂതിയിലായിരുന്നു വിശ്വാസികൾ.

പരിശുദ്ധമാതാവിന്റെ പ്രത്യക്ഷീകരണത്തിലൂടെയാണ് വിസ്കോൺസിൻ ശ്രദ്ധാകേന്ദ്രമാകുന്നത്. 1859ലായിരുന്നു അദേൽ ബ്രൂസ് എന്ന ബെൽജിയൻ വനിതയ്ക്ക് പരിശുദ്ധ മാതാവ് ദർശനം നൽകിയത്. 1855ൽ വിസ്കോൺസിനിലേക്ക് കുടിയേറിയ അദേലിന് 1859ലാണ് പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടത്. ആ അത്ഭുത ദർശനത്തെക്കുറിച്ച് അവൾ മാതാപിതാക്കളോട് പങ്കുവെച്ചു.

ദിനങ്ങൾക്കുശേഷം സഹോദരിയോടൊപ്പം ദൈവാലയത്തിലേക്കുള്ള യാത്രാമധ്യേ പരിശുദ്ധ അമ്മ വീണ്ടും പ്രത്യക്ഷപ്പെട്ടു. പക്ഷേ, കൂടെയുള്ള മറ്റാർക്കും അമ്മയെ കാണാനായില്ല. ഇതേക്കുറിച്ച് ഇടവക വികാരിയുമായി പങ്കുവെച്ചപ്പോൾ, ഇനി പ്രത്യക്ഷീകരണമുണ്ടാകുമ്പോൾ അങ്ങ് ആരാണെന്നും എന്താണ് ആഗ്രഹിക്കുന്നതെന്നും ദൈവനാമത്തിൽ ചോദിക്കണമെന്ന നിർദേശമാണ് അദ്ദേഹം നൽകിയത്.

ദൈവാലയത്തിൽനിന്നുള്ള മടക്കയാത്രയിൽത്തന്നെ അമ്മ വീണ്ടും ദർശനം നൽകി. വികാരിയച്ചൻ നിർദേശിച്ചതുപോലെ ചോദിച്ച അവളോട് പരിശുദ്ധ അമ്മ ഇപ്രകാരം പ്രതിവചിച്ചു:

"പാപികളുടെ മാനസാന്തരത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന സ്വർലോകരാജ്ഞിയാണ് ഞാൻ. നിങ്ങളും പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കണമെന്നതാണ് എന്റെ ആഗ്രഹം."

അമ്മയുടെ ആഗ്രഹത്തിനുവിധേയയായി ജീവിതം ചിട്ടപ്പെടുത്തിയ അദേൽ ബ്രൂസ് 1896ലാണ് ഇഹലോകവാസം വെടിഞ്ഞത്, 85-ാം വയസിൽ. മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലത്ത് ആദ്യമായി നിർമിച്ചത് മരത്തിൽ തീർത്ത ചെറിയൊരു ദൈവാലയമായിരുന്നു.

പിന്നീട് പലവട്ടം പുനർനിർമിച്ച ദൈവാലയം ഇന്നത്തെ രൂപം കൈവരിച്ചു 1942ൽ. 2010ലാണ് പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണം ഔദ്യോഗികമായ സഭ അംഗീകരിച്ചത്. ഗ്രീൻബേ രൂപതയ്ക്കു കീഴിലാണ് ഇന്ന് ഈ തീർത്ഥാടനകേന്ദ്രം സ്ഥിതിചെയ്യുന്നത്.

ഇതുപോലുള്ള യാത്രകൾ സംഘടിപ്പിക്കുന്നത് വിശ്വാസവളർച്ചയ്ക്ക് സഹായകമാകുമെന്ന് ഫാ. സിജു മുടക്കോടിൽ അഭിപ്രായപ്പെട്ടു. തീർത്ഥയാത്ര യാഥാർത്ഥ്യമാക്കാൻ പ്രയത്നിച്ച സാബു മുത്തോലത്ത്, ജോജോ പരുമന്നതേട്ട്, മെർലിൻ പുള്ളോർക്കുന്നേൽ, ആൻസി സഖറിയ, മഞ്ജു ജോമോൻ, ജെന്നി മാതാദാസ് തുടങ്ങിയവരെ ഫാ. സജി പിണർക്കയിൽ അഭിനന്ദിച്ചു.

വിശ്വാസവർഷാചരണത്തിന്റെ സമാപനത്തോട് അനുബന്ധിച്ച് സേക്രഡ് ഹാർട്ട് ഇടവകയിൽ ഒക്ടോബർ 25, 26, 27 തിയതികളിൽ 40 മണിക്കൂർ ആരാധനയും സംഘടിപ്പിച്ചിട്ടുണ്ട്.

മാത്രമല്ല, വിശുദ്ധ 10-ാം പിയൂസിന്റെ തിരുശേഷിപ്പ് ദൈവാലയത്തിൽ പ്രതിഷ്ഠിച്ച് ഒക്ടോബർ മരിയൻ മാസമായി ആചരിക്കും.

വിശുദ്ധിയാൽ നിറയാൻ: തിരുക്കർമങ്ങൾക്കുസേഷം ഹന്നാൻവെള്ളം തളിച്ച് മാർ ആലഞ്ചേരി വിശ്വാസികളെ ആശിർവദിക്കുന്നു.

പ്രഖ്യാപിതമായത് സ്വാധീനം, ആദരം

(ഒന്നാം പേജ് തുടർച്ച)

തിരുവേളാങ്കണ്ണി മാതാവേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ: പ്രദക്ഷിണത്തിനായി അണിയിച്ചൊരുക്കിയ രൂപം. ഇതുകൂടാതെ മറ്റൊരു വലിയ രൂപവും ദൈവാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

അമ്മയുടെ സമ്മാനം: വേളാങ്കണ്ണി തീർത്ഥാടനത്തോട് അനുബന്ധിച്ച് അർപ്പിച്ച ദിവ്യബലിക്കുശേഷം മാർ ആലഞ്ചേരിയും മാർ അങ്ങാടിയത്തും കുട്ടികൾക്ക് ജപമാല സമ്മാനിക്കുന്നു.

റോ മലബാർ റീത്തിൽ ദിവ്യബലിയർപ്പിക്കാൻ ലഭിച്ച അവസരം വളരെ വിലപ്പെട്ടതാണ്. അമേരിക്കൻ സമൂഹവുമായി അടുത്തിടപെടാൻ ലഭിച്ച അവസരവുമാണത്," അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യ, പക്കിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക എന്നിവിടങ്ങളിൽനിന്നുള്ള കത്തോലിക്കരുടെ പൊതുസംഘടനയായ ഐ.എ.സി.എ (ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ) എല്ലാവർഷവും സംഘടിപ്പിക്കുന്ന വേളാങ്കണ്ണി തീർത്ഥാടനമാണ് ഇത്തവണ അപ്പർ ബസിലിക്കയിലെ സീറോ മലബാർ ദിവ്യബലിയർപ്പണത്തിന് വേദിയൊരുക്കിയത്.

വിവിധ സംസ്ഥാനങ്ങളിൽനിന്ന് അമേരിക്കക്കാരും മലയാളികൾ ഉൾപ്പെടെ തെക്കേ ഏഷ്യൻ വംശജരും ഈ ചരിത്രനിമിഷത്തിന് സാക്ഷ്യം വഹിക്കാനെത്തിയപ്പോൾ 16-ാമത് വേളാങ്കണ്ണി തീർത്ഥാടനം റീത്ത്, ഭാഷാ ഭേദമെന്യയുള്ള ആഘോഷമായിമാറുകയായിരുന്നു. നാലായിരം പേർക്ക് ഇരിപ്പിടസൗകര്യമുള്ള ദൈവാലയം തിങ്ങിനിറഞ്ഞതുമാത്രം മതി അതിനു തെളിവ്.

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള 20ൽപ്പരം വൈദികരും സഹകാർമികരായിരുന്നു. റവ. ഡോ. ജോസഫ് പാലയ്ക്കൽ സി.എം.ഐ. ജോർജ് ടാലിയ എന്നിവർ ചിട്ടപ്പെടുത്തിയ ഗാനങ്ങൾ ആലപിച്ചത് ചിക്കാഗോ രൂപതാ യൂത്ത് അപ്പോസ്തലേറ്റ് അംഗങ്ങളായ 130 പേരുടെ ഗായകസംഘമാണെന്നതാണ് മറ്റൊരു സവിശേഷത.

സെപ്തംബർ ഏഴിന് ഉച്ചയ്ക്ക് ബസിലിക്കയ്ക്കു സമീപമുള്ള മേരീസ് ഗാർഡനിൽ സംഗമിച്ച തീർത്ഥാടകർ വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ പ്രദക്ഷിണമായി അപ്പർ ബസിലിക്കയിലേക്ക് നീങ്ങി. വേളാങ്കണ്ണി മാതാവിന്റെ തിരുസ്വരൂപം വഹിച്ച് നടത്തിയ പ്രദക്ഷിണത്തിൽ മരിയൻ സ്തുതിഗീതങ്ങൾ ആലപിച്ചാണ് വിശ്വാസികൾ അണിചേർന്നത്. തുടർന്ന്, വിവിധ ഇന്ത്യൻ ഭാഷകളിൽ നടത്തിയ ജപമാലയ്ക്കുശേഷമായിരുന്നു ദിവ്യബലിയർപ്പണം.

ഷ്രൈൻ റെക്ടർ മോൺ. വാൾട്ടർ റോസി വിശിഷ്ടാതിഥികൾക്ക് സ്വാഗതം ആശംസിച്ചു. വിവിധസംസ്കാരവും വിവിധഭാഷകളുമുള്ള വിവിധരാജ്യക്കാരായ ജനങ്ങളെ യേശുവിലുള്ള വിശ്വാസമാണ് ഒന്നിപ്പിക്കുന്നതെന്ന് കർദിനാൾ ഡൊണാൾഡ് വേൾ വചനസന്ദേശത്തിൽ പ്രസ്താവിച്ചു.

എല്ലാവരുടെയും അമ്മയായ പരിശുദ്ധ മറിയത്തിന്റെ ശക്തിയായ മധ്യസ്ഥം ഈ കാലഘട്ടത്തിൽ അനിവാര്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

അമേരിക്കൻ തലസ്ഥാനനഗരിയിൽ അധിവസിക്കുന്ന വ്യത്യസ്ത സാംസ്കാരികപശ്ചാത്തലമുള്ള വിശ്വാസീസമൂഹത്തിന് ശക്തമായ നേതൃത്വം നൽകുന്ന കർദിനാൾ വേളിനെ, ദിവ്യബലി സമാപനത്തിൽ മാർ ആലഞ്ചേരി അനുമോദിച്ചു. സീറോ മലബാർ സഭയുടെ വളർച്ചയിൽ യു.എസിലെ സഭ തരുന്ന പ്രോത്സാഹനം വളരെ വലുതാണെന്ന് അഭിപ്രായപ്പെട്ട മാർ ആലഞ്ചേരി, യു.എസിലെ സഭാധികൃതർ കാട്ടുന്ന സൗഹാർദ മനോഭാവത്തിന് നന്ദി രേഖപ്പെടുത്തുകയുംചെയ്തു. ദിവ്യബലിക്കുശേഷം കുട്ടികൾക്കുള്ള ആശീർവാദം, നൊവേന എന്നിവയും കാത്തലിക് യൂണിവേഴ്സിറ്റി ഓഫ് അമേരിക്കയിലെ പ്രിസ്ബില്ല ഹാളിൽ സ്നേഹസംഗമവും ക്രമീകരിച്ചിരുന്നു.

തെക്കേ ഏഷ്യയിലെ വിവിധ കത്തോലിക്കാവിശ്വാസപാരമ്പര്യങ്ങളും ആചാരങ്ങളും ആരാധനാക്രമങ്ങളും പ്രകടമാക്കുന്ന അസുലഭാവസരവുമായി ഈ തീർത്ഥാടനം. ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക എന്നിവിടങ്ങളിൽനിന്നുള്ള കത്തോലിക്കരെ കൂട്ടിച്ചേർത്ത് 1993ൽ സ്ഥാപിതമായ ഐ.എ.സി.എ. 1997മുതലാണ് വേളാങ്കണ്ണി തീർത്ഥാടനം സംഘടിപ്പിച്ചു തുടങ്ങിയത്.

ലോകമെമ്പാടും നടന്ന മരിയൻ പ്രത്യക്ഷീകരണങ്ങളുടെ രൂപങ്ങൾ ഇടംപിടിച്ച ബസിലിക്കയിൽ വേളാങ്കണ്ണി ആരോഗ്യമാതാ മാതാവിന്റെ തിരുസ്വരൂപം സ്ഥാപിച്ചത്, ഭാരത സ്വാതന്ത്ര്യത്തിന്റെ സുവർണജൂബിലി ആഘോഷിച്ച 1997ലാണ്.

സുപ്രശസ്ത അമേരിക്കൻ ശിൽപ്പി നിർമിച്ച രൂപത്തിന്റെ ആശീർവാദകർമവും കിരീടധാരണവും 'കിഴക്കിന്റെ ലൂർദ്' എന്നറിയപ്പെടുന്ന തമിഴ്നാട്ടിലെ ആരോഗ്യമാതാ ബസിലിക്കയിൽവെച്ചാണ് നടത്തിയത്.

കൂട്ടായ്മയുടെ പ്രകാശനവേദിയായി വാഷിംഗ്ടൺ ഡി.സി തീർത്ഥാടനം

കർദിനാൾ മാർ ജോർജ് ആലഞ്ചേരി

അമേരിക്കയിലെ തദ്ദേശീയ കത്തോലിക്കാസഭയും സീറോ മലബാർ സഭയും തമ്മിലുള്ള ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രകാശനവേദിയായിരുന്നു വാഷിംഗ്ടൺ ഡി.സിയിൽ നടന്ന വേളാങ്കണ്ണി തീർത്ഥാടനം. അമേരിക്കൻ ഐക്യനാടുകളിൽ നിർവഹിക്കുന്ന ശുശ്രൂഷയെ അടിസ്ഥാനമാക്കി ചിക്കാഗോ സീറോ മലബാർ രൂപതയ്ക്ക് തദ്ദേശീയസഭ സമ്മാനിച്ച വലിയ അംഗീകാരമായും ഇതിനെ കാണാം.

സീറോ മലബാർ സഭാമക്കളുടെ മാത്രമല്ല, റീത്ത് ഭേദമെന്യയുള്ള ഭാരതീയ കത്തോലിക്കാവിശ്വാസികളുടെ സജീവമായ ഭാഗഭാഗിത്തവും തീർത്ഥാടനത്തിൽ ദർശിക്കാൻ കഴിഞ്ഞു. അതുകൊണ്ടുതന്നെ എല്ലാ വർഷവും സംഘടിപ്പിക്കുന്ന, മാതാവിനോടുള്ള വണക്കവും സഭാകൂട്ടായ്മയും പ്രഘോഷിക്കുന്ന ഈ തീർത്ഥാടനം റീത്തുകൾക്കതീതമായ ആഘോഷംതന്നെയാണ്.

ഐ.എ.സി.എയുടെ (ഇന്ത്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ) നേതൃത്വത്തിൽ കഴിഞ്ഞ 16 വർഷമായി സംഘടിപ്പിക്കുന്ന മരിയൻ തീർത്ഥാടനത്തെ വലിയ ആദരവോടെയാണ് വാഷിംഗ്ടൺ ഡി.സി ആർച്ച്ബിഷപ്പ് കർദിനാൾ ഡൊണാൾഡ് വേൾ കാണുന്നത്. ഐ.എ.സി.എ നേതൃത്വത്തിന്റെ അഭ്യർത്ഥനപ്രകാരം ഇത്തവണത്തെ മുഖ്യകാർമികനാകാൻ അദ്ദേഹം എന്നെ ക്ഷണിക്കുകയായിരുന്നു.

വിശ്വാസികളുടെ പങ്കാളിത്തം പോലെതന്നെ എന്നെ ആകർഷിച്ച മറ്റൊന്നാണ് 130പേർ അണിനിരന്ന ഗാനശുശ്രൂഷ. അതിനു നേതൃത്വംകൊടുത്ത റവ. ഡോ. ജോസഫ് പാലയ്ക്കലിനെയും ഐ.എ.സി.എയ്ക്ക് നേതൃത്വം കൊടുക്കുന്ന പുതുപ്പറമ്പിൽ വി. സ്കറിയയെയും വ്യക്തിപരമായി അഭിനന്ദിക്കാൻകൂടി ഞാൻ ആഗ്രഹിക്കുന്നു.